**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2532** **04-03-2025 - ൽ മറുപടിയ്ക്ക്**

**എം എസ് എം ഇ നിർവചനത്തിലെ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2021-ൽ കേന്ദ്ര സർക്കാർ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ നിർവചനത്തിൽ വരുത്തിയ മാറ്റത്തിനു ശേഷം സംസ്ഥാനത്തെ എത്ര ചെറുകിട ഇടത്തരം വ്യാപാരങ്ങൾ നൽകുന്ന സേവനങ്ങൾ വ്യവസായ വകുപ്പിന്റെ ലിസ്റ്റിൽ സേവനങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അവയുടെ പേരും, വിലാസവും, സ്ഥലവും ആരംഭിച്ച തീയതി അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ? | (എ) | കേന്ദ്ര സൂക്ഷ്മ-ചെറുകിട -ഇടത്തരം മന്ത്രാലയത്തിന്റെ 02.07.2021-ലെ ഓഫീസ് മെമ്മോറാണ്ടം നമ്പർ 5/2(2)/2021-E/P&G/Policy പ്രകാരം ഇന്ത്യയിൽ പ്രവർത്തിച്ച് വരുന്ന ചില്ലറ മൊത്ത വ്യാപാര സ്ഥാപനങ്ങളെ എം.എസ്.എം.ഇ കളുടെ ഗണത്തിൽ ഉൾപ്പെടുത്തുകയുണ്ടായി. ഇത് മുഖേന, വ്യാപാര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എം.എസ്.എം.ഇ-കൾക്ക് ഉദ്യം രജിസ്ട്രേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കും. കൂടാതെ, ഈ മാറ്റം ട്രേഡ് യൂണിറ്റുകളെ മുൻഗണനാ മേഖല വായ്പ ആനുകൂല്യങ്ങൾക്ക് അർഹത നേടാനും പ്രാപ്തമാക്കും. അതു പ്രകാരം സർക്കാരിന്റെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംരംഭങ്ങൾക്ക് വ്യവസായ വകുപ്പിൽ നിന്നും നൽകുന്ന വിവിധ ആനുകൂല്യങ്ങൾ ചില്ലറ മൊത്ത വ്യാപാര മേഖലയിലെ സംരംഭങ്ങൾക്കും ലഭ്യമാക്കുന്നുണ്ട്.<br><br>2021-ൽ ഉദ്യം രജിസ്ട്രേഷൻ നേടിയ മൈക്രോ, സ്മാൾ, മീഡിയം സംരംഭങ്ങളുടെ എണ്ണം ആകെ 85143 ആയിരുന്നു. എന്നാൽ നിലവിൽ ആകെ 1452932 സംരംഭങ്ങൾ ഉദ്യം അസിസ്റ്റ് പ്ലാറ്റ്ഫോമിൽ ഉൾപ്പെടെ രജിസ്ട്രേഷൻ നേടിയിട്ടുണ്ട്.<br><br>സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2022 ഏപ്രിൽ 1 മുതൽ നാളിതുവരെ പുതിയതായി തുടങ്ങിയിട്ടുള്ള സംരംഭങ്ങളുടെ കണക്ക് www.yearofenterprises.kerala.gov.in വെബ് സൈറ്റിൽ ലഭ്യമാണ്. സംരംഭങ്ങളുടെ വ്യക്തിപരമായ വിവരങ്ങൾ അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ